തിളങ്ങുന്ന ഭാവിക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മാമ്പ മാപ്പിള എൽ.പി സ്കൂൾ

പി.ഒ മാമ്പ
അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്
കണ്ണൂർ സൗത്ത് സബ്ജില്ല
mambamappilalps@gmail.com





## ആമുഖം.

2025-26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വർഷമാണ്. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ ഓരോ വിദ്യാലയവും തയ്യാറാക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ വെളിച്ചം വരും തലമുറകളിലേക്ക് എത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ഓരോ വിദ്യാലയവും പ്രവർത്തിക്കുന്നത്. ഒരു വിദ്യാലയത്തിന്റെ അക്കാദമിക മികവിന്റെ ആണിക്കല്ലാണ് അതിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ. കേവലം ഒരു രേഖ എന്നതിലുപരി, വിദ്യാലയത്തിന്റെ ഭാവിയിലേക്കുള്ള വഴികാട്ടിയാണിത്.

അറിവെന്നാൽ പാഠപുസ്തകങ്ങളിൽ നിന്നും മാത്രം ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. പാഠപുസ്തകങ്ങളിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്മരണകൾ സൃഷ്ടിക്കണം. ജീവിതം കെട്ടിപ്പടുക്കുക എന്നതാവണം പഠനത്തിന്റെ ലക്ഷ്യം ഔചിത്യബോധം, വിവേകം, വകതിരിവ്, കാര്യകാരണബന്ധ പരിശോധന, അറിവിന്റെ സാമൂഹിക വിനിയോഗത്തിനുള്ള ശേഷി തുടങ്ങിയവയൊക്കെ ഉണ്ടാവുമ്പോൾ മാത്രമേ ആർജ്ജിച്ച അറിവ് അർത്ഥപൂർണ്ണമാകുകയുള്ളൂ. ഓരോ കുട്ടിയുടെയും അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ്, അവരെ ഭാവിയിലേക്ക്

സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമത്തിലൂടെ, നമ്മുടെ വിദ്യാലയത്തെ അറിവിന്റെയും നന്മയുടെയും വിളനിലമാക്കി മാറ്റാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നമ്മെ സഹായിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ലക്ഷ്യങ്ങൾ.

* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരമൊരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
* കുട്ടികളുടെ പഠനനില അത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക.
* മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
* ദിനാചരണങ്ങൾ യാന്ത്രികമാവാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
* സ്മാർട്ട് ക്ലാസ് മുറികളും മറ്റു ഡിജിറ്റൽ സൗകര്യങ്ങളും ഉപയോഗിച്ച് പഠനം കൂടുതൽ ആകർഷകമാക്കുക.
* വിദ്യാർത്ഥികളുടെ പഠന പുരോഗതിയിൽ രക്ഷിതാക്കളെ കൂടെ സഹകരിപ്പിച്ച് പഠനം കൂടുതൽ മെച്ചപ്പെടുത്തുക.
* ഗണിതശേഷികളായ കൂട്ടൽ, കുറക്കൽ, ഗുണനം, ഹരണം, യുക്തിചിന്ത ഗണിതപ്രശ്നനിർദ്ധാരണം

ചെയ്യൽ തുടങ്ങിയവ വികസിപ്പിക്കുന്നതിന്.

* ലളിതമായ പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ശാസ്ത്രീയ തത്വങ്ങൾ മനസ്സിലാക്കാനും പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുകയും ചെയ്യുന്നതിന്.

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
പേര് - ഗണിതം ലളിതം

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| ഗണിത പ്രശ്നം വിശകലനം ചെയ്യാനുള്ള ബുദ്ധിമുട്ട് | ഗണിത പഠനം സുഗമവും രസകരവുമാക്കാൻ | ആഴ്ചയിൽ ഒരു പ്രശ്നാപഗ്രഥനം ചോദ്യം നൽകി ഉത്തരം കണ്ടെത്തൽ | IV, V | June To March | Class Teacher |
| ഗണിതത്തോടുള്ള താല്പര്യക്കുറവ് | | നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ചോദ്യ നിർമാണം | | | |

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| കുട്ടികൾക്ക് ഗണിതത്തോട് താല്പര്യക്കുറവ്. | ഗണിത പഠനം രസകരവും ലളിതവുമാക്കാൻ. | ഉല്ലാസഗണിതം | ഒന്നാം ക്ലാസ്സ് | June To March | Class Teacher | 500 |

മേഖല - അക്കാദമികം
ഉപമേഖല - മലയാളം
പേര് - മധുരം മലയാളം

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| ആശയ വ്യക്തതയോടെ എഴുതാനുള്ള പ്രയാസം | സ്വതന്ത്രമായി എഴുതാനും ആശയ വ്യക്തതയോടെ എഴുതാനും അക്ഷര തെറ്റില്ലാതെ എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക | ഡയറിയെഴുത്ത് ഓരോ ദിവസവും ഡയറി എഴുതി ക്ലാസിലവതരിപ്പിക്കുന്നു. | IV, | June To March | Class Teacher |
| | | വാക്കുകളിൽ നിന്ന് വാക്യങ്ങൾ , കഥ കവിത നിർമ്മാണം. | I–V | | |

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കാനുള്ള പ്രയാസം. | ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ലിപികൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കാനുള്ള കഴിവുണ്ടാക്കുക | അക്ഷരങ്ങളെ കൂടെ കൂട്ടുക | ഒന്നാം ക്ലാസ് | June To March | Class Teacher | 1000 |

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| ഉച്ചാരണ ശുദ്ധിയോടെയും ആശയ ഗ്രഹണത്തോടെയും വായിക്കാൻ പ്രയാസം | ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ ഉറപ്പാക്കുക | പ്രതിദിന വായന | II Std | June To March | Class Teacher | 1000 |
| LSS പോലുള്ള പരീക്ഷയിൽ GK യിൽ പിന്നോക്കം നിൽക്കുന്നു | പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് | പ്രതിദിന ക്വിസ് | II Std | June To March | Class Teacher | 500 |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| ഇന്ത്യാക്കാർ സാധാരണ ഇംഗ്ലീഷിൽ പ്രതികരിക്കാനുള്ള പ്രയാസം. | ഇംഗ്ലീഷിൽ ആശയവിനിമയശേഷി വർദ്ധിപ്പിക്കുക. | ഡയലോഗ് ഡെലിവറി. സ്പോക്കൺ ഇംഗ്ലീഷ്ക്ലാസ്സ് ഇംഗ്ലീഷ് ഗ്രാമർ കോച്ചിംഗ് | III-V | August To December | English Teacher |

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

ടോപ്പ് - മധുരം മലയാളം

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർഗറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| ആശയ വ്യക്തതയോടെ എഴുതാനുള്ള പ്രയാസം. | സ്വന്തമായി എഴുതാനും ആശയ വ്യക്തതയോടെ എഴുതാനും അക്ഷരത്തെറ്റില്ലാതെ എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക. സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക. | സർഗാത്മക ഡയറി. ആഴ്ചയിൽ മൂന്ന് ദിവസം എഴുതൽ (സംഭാഷണം, കഥ, കവിത, ചിന്തകൾ etc ). | IV | ലക്ഷ്യം നേടുന്നത് വരെ | Class teacher. |
| വായനയോടുള്ള താത്പര്യക്കുറവ് | വായനാശേഷി വളർത്തൽ . | ക്ലാസ് ലൈബ്രറി രചനാപരിചയ കുറിപ്പ്. വായനാകുറിപ്പ് വായന | IV | വർഷം മുഴുവൻ | Class teacher |
| ഭാഷാപരമായ പിന്നാക്കാവസ്ഥ. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രത്യേക പരിശീലനം. ആവശ്യമായ സമയങ്ങൾ ഒരുക്കൽ | IV | ലക്ഷ്യം നേടുന്നത് വരെ | Class teacher |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

പേര് - ഗണിതം മധുരം.

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർഗറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| ചതുഷ്ക്രിയകൾ വിശകലനം ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട് | ഗണിത പഠനം രസകരമാക്കൽ. ചതുഷ്ക്രിയകൾ ലളിതമാക്കൽ. | ആഴ്ചയിൽ ഒരു പ്രശ്നാപഗ്രഥന ചോദ്യം നൽകി ഉത്തരം കണ്ടെത്തി നിത്യജീവിതവുമായി ബന്ധപ്പെടുത്തി ചോദ്യനിർമ്മാണം. | IV, V | ജൂൺ to മാർച്ച് | class teacher |
| ഗണിതത്തോടുള്ള താൽപര്യക്കുറവ്. | ഗണിത ശേഷികളുടെ പോഷണം. | - പ്രശ്നോത്തരി. പാറ്റേൺ, ഗണിത അസംബ്ലി. | IV, V | ആവശ്യാനുസരണം | class teacher |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം.

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല. |
|---|---|---|---|---|---|
| ശാസ്ത്രപഠനത്തോടുള്ള താത്പര്യക്കുറവ് | ശാസ്ത്രപഠനം ഉല്ലാസവും രസകരവുമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. ശാസ്ത്രപഠനത്തിന് സഹായകമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കൽ. | IV | ആവശ്യാനുസരണം<br>വർഷം മുഴുവൻ | class teacher |

മേഖല - ബൗദ്ധികം

ഉപ മേഖല - ഗണിതം

| | പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഡേറ്റ് | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1 | സംഖ്യകൾ തിരിച്ചറിയാനുള്ള പ്രയാസം | ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും ചെയ്യുന്നു. | സംഖ്യാ കാർഡ് വായന. പാട്ടുകൾ, കഥകൾ, ചിത്രങ്ങൾ എന്നിവയിലൂടെ സംഖ്യകൾ ~~എണ്ണാൻ~~ തിരിച്ചറിയാനും പഠിക്കാനും ഉപയോഗിക്കുന്നു. | I | ഒരു വർഷം | ട്രാൻസ്ക്രിബർ |
| 2 | കൂട്ടാനും കുറയ്ക്കാനും ~~ആരോഹണം അവരോഹണം ക്രമത്തിൽ~~ എഴുതാനുമുള്ള ബുദ്ധിമുട്ട് | നിശ്ചിത സംഖ്യയിൽ നിന്ന് ~~[illegible]~~ സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും കഴിയുന്നതിന് | ചിത്രങ്ങളും വസ്തുക്കളും ഉപയോഗിച്ച് കൂട്ടലും കുറയ്ക്കലും ചെയ്യുന്നു. • കൂട്ടാനും കുറയ്ക്കാനും സഹായിക്കുന്ന കളികൾ കളിക്കുന്നു | I | ഒരു വർഷം | ട്രാൻസ്ക്രിബർ |

STD-I

മേഖല - അക്കാദമികം

ഉപ മേഖല - മലയാളം

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. അക്ഷരങ്ങളും വാക്കുകളും തിരിച്ചറിഞ്ഞ് വായിക്കാനുള്ള പ്രയാസം | ലളിതമായ വാക്കുകളും വാക്യങ്ങളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക. | ഓരോ അക്ഷരവും ചിത്രങ്ങളുമായി ബന്ധപ്പെടുത്തി പരിചയപ്പെടുത്തുക. അക്ഷരകാർഡ് കളി. ചിത്രവായനക്ക് അവസരം ഒരുക്കൽ. വായനകാർഡ് വായന | I | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്ടീച്ചർ |
| 2. അക്ഷരങ്ങളും വാക്കുകളും വാക്യങ്ങളും സ്വന്തമായി എഴുതാനുള്ള പ്രയാസം | ചെറിയ വാക്കുകളും വാക്യങ്ങളും സ്വന്തമായി എഴുതാൻ പ്രാപ്തരാക്കുക. | ചിഹ്നങ്ങൾ ഉപയോഗിച്ച് വാക്കുകൾ ഉണ്ടാക്കുന്ന കളികൾ. ലളിതമായ വാക്കുകൾ വാക്യങ്ങൾ എഴുതൽ. സംയുക്ത ഡയറി എഴുത്ത് | I | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്ടീച്ചർ |

Std - II

## ഉപമേഖല - മലയാളം

| പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് പദങ്ങൾ നിർമ്മിക്കുന്നതിന് പ്രയാസം | സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിന്. | ഒരോ ഒരു ദിവസം ഒരു ചിഹ്നം.<br>സചിത്ര ഡയറി എഴുതൽ.<br>കൂടുതൽ ലേഖന പ്രവർത്തനങ്ങളിലേർപ്പെടൽ. | II | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ് ടീച്ചർ |
| ഒഴുക്കോടെയും അക്ഷരസ്ഫുടതയോടെയും വായിക്കാൻ പ്രയാസം. | ആശയഗ്രഹണ വായന ഉറപ്പാക്കുന്നതിന്. | റീഡേഴ്സ് തിയേറ്റർ<br>വീട്ടുലൈബ്രറി ഒരുക്കൽ<br>വായിച്ച കഥയിൽ നിന്നും ചോദ്യമുണ്ടാക്കൽ.<br>വീട്ടുവായന, കൂട്ടുവായന<br>അമ്മ വായന | II | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ് ടീച്ചർ |

Std II

## ഉപമേഖല - ഗണിതം.

| ക്രമ നമ്പർ | പ്രശ്നം | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1. | ദശക സംഖ്യകൾ ഉപയോഗിച്ച് സങ്കലന, വ്യവകലനക്രിയകൾ ചെയ്യാനുള്ള പ്രയാസം. | സങ്കലനം, വ്യവകലനം, പ്രശ്നപരിഹാരം എന്നിവ ഉറപ്പാക്കൽ. | സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | II | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ് ടീച്ചർ |
| 2. | സംഖ്യകൾ തിരിച്ചറിഞ്ഞ് സ്ഥാനവില മനസ്സിലാക്കുന്നതിനുള്ള പ്രയാസം. | സ്ഥാനവില തിരിച്ചറിയൽ | സ്ഥാനവില, പോക്കറ്റ് അബാക്കസ് | II | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |